Teaching manual

| MATHEMATICS | Standard III |
|---|---|

Prepared By,
MANUMON K.M
LPST
Govt : L.P.S THIRDCAMP
Class : 3

യൂണിറ്റ് : 1
രൂപങ്ങൾ വരയ്ക്കാം

പഠനലക്ഷ്യങ്ങൾ

1. നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ, കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു; തരംതിരിക്കുന്നു; നിർമ്മിക്കുന്നു.
2. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതിയുടെ ഭംഗി ആസ്വദിക്കുന്നു.
3. ജ്യാമിതീയ രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു.
4. നിത്യ ജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു; അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു; യുക്തി സമർത്ഥിക്കുന്നു; പാറ്റേണുകൾ വരയ്ക്കുന്നു.

പഠനാശയങ്ങൾ.

- നമുക്ക് ചുറ്റും കാണുന്ന നിർമ്മിതിയിലും മറ്റും ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ഉപയോഗപ്പെടുത്തിയിരിക്കുന്നു.
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിയൽ തരംതിരിക്കുന്നു.
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കുന്നു.
- രൂപങ്ങൾ സവിശേഷതകൾക്കനുസരിച്ച് തരംതിരിക്കൽ.(ചതുരക്കട്ട ഗോളം)
- വീട്ടും പരിസരവും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേൺ കണ്ടെത്തൽ.
- ചിത്രീകരിച്ചിരിക്കുന്ന വിവിധ പാറ്റേണുകളിലെ യുക്തി കണ്ടെത്തി തുടർച്ച വരച്ചുചേർക്കൽ .

പ്രതീക്ഷിത ഉൽപ്പന്നങ്ങൾ (പഠന തെളിവുകൾ)

- ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നു.
- വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കുന്നു.
- ജാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ആശംസ കാർഡ്

പ്രക്രിയ പേജ്


## പ്രവേശക പ്രവർത്തനം

ടീച്ചർ കുട്ടികൾക്ക് എ4 പേപ്പർ ക്രയോൺ എന്നിവ കൊടുക്കുന്നു. ഇഷ്ടമുള്ള ഒരു ചിത്രം വരച്ച് നിറം കൊടുത്ത് ഭംഗിയാക്കാൻ പറയുന്നു.
ഓരോ കുട്ടിക്കും അവർ വരച്ച ചിത്രത്തെക്കുറിച്ച് ഒന്നോ രണ്ടോ ഗുണവശങ്ങൾ പറയാൻ അവസരം നൽകുന്നു. ( വ്യക്തിഗതം)
തുടർന്ന് ചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.
ഓരോ കുട്ടിയും തന്റെ കൂട്ടുകാരുടെ ചിത്രത്തിൽ തനിക്ക് ഇഷ്ടപ്പെട്ട ഒന്നോ രണ്ടോ കാര്യങ്ങളെക്കുറിച്ച് പറയട്ടെ. എന്തുകൊണ്ട് ഇഷ്ടപ്പെട്ടു എന്ന് സൂചിപ്പിക്കണം.

🔊 ചർച്ച

| |
|---|
| കൂട്ടുകാർ സാധാരണ വരയ്ക്കുന്ന വീട്, മല, പൂവ്, മല തുടങ്ങിയ ചിത്രങ്ങളിലൊക്കെ ജ്യാമിതീയ രൂപങ്ങൾ കണ്ടെത്താൻ കഴിയും. പലപ്പോഴും വട്ടമോ, ചതുരമോ ഒക്കെ വരച്ചാകും നമ്മൾ ചിത്രം വരച്ചുതുടങ്ങുന്നതുതന്നെ. ചിത്രങ്ങളിൽ ഇത്തരം ഗണിത രൂപങ്ങൾ ഉൾപെട്ടിട്ടുണ്ട്. |

- ചിത്രങ്ങൾ നിരീക്ഷിക്കാൻ അവസരം നൽകുന്നു.






നിരീക്ഷിച്ച ചിത്രത്തിൽ നിന്ന് ഇഷ്ടപ്പെട്ടവ ചാർട്ട് പേപ്പറിൽ നിർമ്മിക്കുക.
ഗ്രൂപ്പ് പ്രവർത്തനം നൽകുന്നു. ഓരോ ഗ്രൂപ്പിനും വേണ്ട സാധനങ്ങൾ നൽകുന്നു. (ചാർട്ട്,പശ, ക്രയോൺ,കളർ A4 പേപ്പർ,കത്രിക)
🏷️ പ്രദർശനം, ( ഡോക്യുമെന്റേഷൻ ) 📜 BIG BOOK


📌 പ്രവേശനോത്സവം


| |
|---|
| കുട്ടികൾ വിവിധ ജ്യാമിതീയ രൂപങ്ങൾ മുൻ ക്ലാസുകളിൽ പരിചയപ്പെട്ടിട്ടുണ്ട്. ഒരുകൂട്ടം ചിത്രങ്ങളിൽ നിന്നും സമാന രൂപങ്ങൾ തിരിച്ചറിയുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം. |


ടീച്ചർ പാഠഭാഗത്തെ (പേജ് 8 ലെ) ചിത്രം കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.
ചിത്രത്തെക്കുറിച്ച് കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു.
പരിചിതമായ രൂപങ്ങൾ കുട്ടികൾ കണ്ടെത്തുന്നു.
ഓരോ രൂപവും എത്ര വീതമെന്ന് കണ്ടെത്തി ബുക്കിൽ എഴുതാൻ അവസരം.

(ഈ ഘട്ടത്തിൽ രൂപങ്ങളുടെ പേരു പറയണമെന്നില്ല. രൂപങ്ങൾ താരതമ്യം ചെയ്ത് ഒരേ രൂപങ്ങൾ കണ്ടെത്തി എണ്ണിയെഴുതിയാൽ മതി)

എണ്ണിയെഴുതിയതിനു ശേഷം കുട്ടികൾക്ക് ചതുരം, വട്ടം, ത്രികോണം എന്നിവയ്ക്ക് യഥാക്രമം നീല, പച്ച, ചുവപ്പ് നിറങ്ങൾ നൽകാൻ അവസരം.









രൂപങ്ങളുടെ പാട്ട് ക്ലാസിൽ അവതരിപ്പിക്കുന്നു.

ബുക്കിൽ എഴുതി എടുക്കുന്നു.




👆 Note ബുക്കിൽ എഴുതിക്കുന്നു. വരപ്പിക്കുന്നു. കളർ ചെയ്യിപ്പിക്കുന്നു.

| പ്രതികരണം |
| --- |
| |

Teaching manual

| MATHEMATICS | Standard III |
|---|---|

📌ആശംസ കാർഡ്

ടിബി പേജ് നമ്പർ 9 ലെ പ്രവർത്തനം.

ജാമിതീയ രൂപങ്ങൾ പല ആകൃതിയിലും വലിപ്പത്തിലും വയ്ക്കുമ്പോൾ രൂപപ്പെടുന്ന ചിത്രങ്ങളും പാറ്റേണുകളും കുട്ടികളുടെ ശ്രദ്ധയിൽ പെടുത്താനുള്ള പ്രവർത്തനം. കുട്ടികളുടെ സർഗാത്മകത വികസിപ്പിക്കുന്നതിനുള്ള അവസരമാണ് ഈ പ്രവർത്തനം.

ചിത്രത്തിലെ പൊട്ടനോട് ചേർന്ന് ചുറ്റും എത്ര വലുപ്പത്തിലുള്ള എത്ര പൊട്ടുകൾ ഒട്ടിക്കാൻ കഴിയും ഞാൻ ഊഹിച്ചത്.

പൊട്ടുകൾ ഒട്ടിക്കാൻ അവസരം.

| ആശംസ കാർഡ് നിർമ്മിക്കാൻ അവസരം നൽകുന്നു. | |
|---|---|
| ടിവി പേജ് നമ്പർ 9 ലെ ചിത്രം പൂർത്തിയാക്കി ആശംസ കാർഡ് നിർമ്മിക്കുന്നു. ചെടിയുടെ മധ്യഭാഗത്തുള്ള വട്ടത്തിന്റെ അതേ വലിപ്പത്തിലുള്ള ഏഴ് പൊട്ടുകൾ ഒട്ടിച്ച് പൂവ് നിർമ്മിക്കുന്നു. ചെടിയുടെ ബാക്കി ഭാഗം വരച്ച് നിറം നൽകി / കളർ പേപ്പർ ഒട്ടിച്ചോ ഭംഗിയാക്കുന്നു. |   |

ക്യാരംസ് ബോർഡിൽ കോയിനുകൾ വെച്ചിരിക്കുന്നത് നിരീക്ഷിക്കാൻ അവസരം നൽകുന്നു.

ഇത്തരം പാറ്റേണുകൾ നോട്ടുബുക്കിൽ വരയ്ക്കാൻപറയുന്നു.

തുടർ പ്രവർത്തനം

നാണയങ്ങളെ ടോക്കണുകൾ വളകൾ തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് വ്യത്യസ്ത രീതിയിൽ ചിത്രങ്ങൾ വരച്ച് ആശംസ കാർഡ് നിർമ്മിച്ചുകൊണ്ട് വരിക.

🔖 ജി കോംപ്രിക്സിലെ ടെക്സ്റ്റ് പെയിന്റ് ഉപയോഗിച്ച് പാറ്റേണുകൾ പരിചയപ്പെടുത്തുന്നു ( ICT )

📌നിങ്ങൾക്കും വരയ്ക്കാമോ

പരിചയപ്പെട്ട ഒരു ജാമ്യരൂപം ഉപയോഗിച്ചുകൊണ്ട് സ്വതന്ത്രമായി ചെയ്യുന്ന പ്രവർത്തനം.

TB പേജ് നമ്പർ 9 ലെ പ്രവർത്തനം ചെയ്യാൻ അവസരം നൽകുന്നു.

ടെസ്റ്റ് ബുക്കിലെ ചിത്രത്തിന് നിറം നൽകുന്നു.

TB യിൽ വട്ടങ്ങൾ ഉപയോഗിച്ച് ഇഷ്ടമുള്ള ചിത്രം വരയ്ക്കുന്നു

എങ്ങനെ നമുക്ക് വട്ടം വരയ്ക്കാൻ കഴിയും?

നാണയം, വള എന്നിവ ഉപയോഗിക്കാം.

വരച്ച ചിത്രങ്ങൾ കൂട്ടുകാർക്ക് കാണാൻ അവസരം നൽകുന്നു.

പരസ്പരം കൈമാറി വിലയിരുത്തുന്നു.

🟢 തുടർ പ്രവർത്തനം

നോട്ടുബുക്കിൽ വട്ടം ഉപയോഗിച്ച് ചിത്രം വരയ്ക്കുകയും നിറം നൽകുകയും ചെയ്യുക.


📌 തോണിയിലെന്തൊക്കെ


ചതുരം ത്രികോണം എന്നീ രൂപങ്ങൾ കൂടുതൽ പരിചയപ്പെടാനുള്ള പ്രവർത്തനമാണിത്


എല്ലാ കുട്ടികൾക്കും എ ഫോർ കളർ പേപ്പർ നൽകുന്നു.
തോണി നിർമ്മിക്കാൻ പഠിപ്പിക്കുന്നു.

സമചതുര പേപ്പർ ആയി മുറിക്കുന്നു. സമചതുര പേപ്പറിന്റെ മൂലകളിലൂടെ ത്രികോണ രൂപത്തിൽ മടക്കുന്നു. ത്രികോണത്തിന്റെ നീളം കൂടിയ വശത്തിന് എതിരെയുള്ള മൂല നീളം കൂടിയ വശത്തേക്ക് മടക്കുക. ഇപ്പോൾ ഒരു തോണിയുടെ രൂപം ലഭിച്ചിരിക്കും.

നിർമ്മിച്ച തോണി ബുക്കിൽ ഒട്ടിക്കുന്നു.
വീണ്ടും കളർ പേപ്പർ നൽകുന്നു.
പേപ്പർ തോണിയിൽ ഉണ്ടാക്കാൻ മടക്കുന്നു.
തോണി നിർമ്മിച്ച കടലാസ് എന്നിവർത്തി കടലാസിൽ കാണുന്ന മടക്കുകളിലൂടെ വെട്ടി എടുക്കുക.( 8 ചെറിയ കഷണങ്ങൾ ലഭിക്കും)
ഈ കഷണങ്ങൾ വ്യത്യസ്ത രീതിയിൽ ക്രമീകരിച്ച് നിരവധിരൂപങ്ങൾ ഉണ്ടാക്കുന്നു
കുട്ടികൾ സ്വതന്ത്രമായി ഉണ്ടാക്കിയ രൂപങ്ങൾ നോട്ടുബുക്കിൽ ചിത്രീകരിക്കുന്നു.







🟢 ലഘു പ്രോജക്ട്

ഗണിതത്തിൽ കുട്ടികൾക്ക് താല്പര്യവും കൗതുകവും ഉണ്ടാക്കുന്നതിൽ ഗണിത പ്രോജക്ടുകൾക്ക് വലിയ സ്ഥാനമുണ്ട് ലളിതവും സ്വതന്ത്രവുമായ അന്വേഷണപ്രവർത്തനങ്ങൾ നൽകുക വഴി കുട്ടികളുടെ സ്വന്തം നിലയിൽ പ്രശ്നപരികരണം നടത്തുന്നവരാക്കാം. പുതുതായി കിട്ടുന്ന വിവരങ്ങളുടെ വിശകലനം പുതിയ കണ്ടെത്തലുകളിലേക്കും നിഗമനങ്ങളിലേക്കും നയിക്കും ശാസ്ത്ര അന്വേഷണത്തിന്റെ രീതിശാസ്ത്രം കുട്ടികളിൽ രൂപപ്പെടുന്നതിൽ പ്രോജക്ടുകൾക്ക് വലിയ സ്ഥാനമുണ്ട്.

📌 രൂപങ്ങൾ ഉണ്ടാക്കാം

- *TB* പേജ് നമ്പർ പത്തിലെ രൂപങ്ങൾ ഉണ്ടാക്കാം എന്ന പ്രവർത്തനം ചെയ്യുന്നു.
- ചിത്രത്തിൽ കാണിച്ചിരിക്കുന്ന പോലെ ചതുരം രണ്ടായി മുറിക്കുന്നു

- ഇങ്ങനെ മുറിക്കുമ്പോൾ കിട്ടുന്ന രണ്ട് ത്രികോണങ്ങളുടെ വശങ്ങൾ ചേർത്തുവച്ച് വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കാമോ?

(അവയുടെ പ്രത്യേകത ചർച്ച നടത്തുന്നു.)

❓ ചതുരത്തെ രണ്ടായി മുറിച്ചപ്പോൾ എത്ര ത്രികോണം കിട്ടി

❓ ഈ ത്രികോണങ്ങൾക്ക് ഒരേ വലുപ്പമാണോ

❓ ഈ ത്രികോണം വെച്ച് എത്ര രൂപങ്ങൾ ഉണ്ടാക്കാം

ഊഹിച്ച് പറയാൻ അവസരം.

എല്ലാ കുട്ടികൾക്കും ഒരു ചതുര പേപ്പർ നൽകി രണ്ടായി മുറിച്ച് നിർമിക്കാൻ പറയുന്നു.


നിർമ്മിക്കാൻ അവസരം നൽകുന്നു.

നിരീക്ഷിക്കാൻ അവസരം നൽകുന്നു

കിട്ടുന്ന രൂപം നോട്ടുബുക്കിൽ വരയ്ക്കുന്നു

❓ എല്ലാ കൂട്ടുകാർക്കും രൂപങ്ങൾ ഒരേ എണ്ണം തന്നെയാണ് കിട്ടിയത്

❓ ഏറ്റവും കൂടുതൽ രൂപങ്ങൾ ആർക്കാണ് കിട്ടിയത്



🟢 **തുടർ പ്രവർത്തനം.**

വീണ്ടും ഒരു ചതുര പേപ്പറിനെ നാലായിട്ട് മുറിക്കുന്നു.

കൂടുതൽ രൂപങ്ങൾ നിർമ്മിക്കാൻ അവസരം നൽകുന്നു.

| പ്രതികരണം |
|---|
| |

📌 തീപ്പെട്ടി രൂപങ്ങൾ

കൂട്ടുകാരെ എല്ലാവർക്കും കളിക്കാൻ ഇഷ്ടമല്ലേ?

എന്തൊക്കെ കളികളാണ് നിങ്ങൾ കളിക്കാറുള്ളത്?

നമുക്കൊരു കളി കളിച്ചാലോ?

“കുട്ടികൾ പഠിച്ച ചതുരം ത്രികോണം എന്നിവയുടെ നിർമ്മാണമാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. “

- ചതുരം നിർമ്മിക്കുമ്പോൾ വശങ്ങൾ പരസ്പരം കുത്തനെയാണ്

| MATHEMATICS | Standard III |
|---|---|

| |
|---|
| നിങ്ങളുടെ കയ്യിലുള്ള ഈർക്കിൽ കമ്പുകൾ /തീപ്പെട്ടി കമ്പികൾ എടുക്കുകഎന്നിട്ട് കയ്യിലുള്ള കമ്പുകൾ വെച്ച് എല്ലാ കുട്ടുകാരും ചതുരം നിർമ്മിക്കണം. ആരാണ് ഏറ്റവും കൂടുതൽ ചതുരങ്ങൾ രണ്ട് മിനിറ്റ് കൊണ്ട് നിർമ്മിക്കുന്നത് എന്ന് നമുക്ക് കണ്ടെത്താം അവരായിരിക്കും ഈ മത്സരത്തിലെ വിജയി. |



❓ ആരാണ് കൂടുതൽ ചതുരങ്ങൾ ഉണ്ടാക്കിയത്?

❓എല്ലാവരും ഒരുപോലെയാണോ ചതുരങ്ങൾ ഉണ്ടാക്കിയത്?

❓ ഒരു ചതുരം ഉണ്ടാക്കാൻ എത്ര കമ്പുകൾ വേണ്ടി വന്നു?

❓ ആരാണ് ഏറ്റവും കൂടുതൽ ചതുരം നിർമ്മിച്ചത്?

കുട്ടികൾക്ക് പരസ്പരം പരിശോധിക്കാനും ചർച്ച ചെയ്യാനും അവസരം നൽകുന്നു

| | | |
|---|---|---|
| ചിത്രം 1 |  | ഈ ചിത്രത്തിലെ പോലെ കുട്ടികൾ ചതുരങ്ങൾ ഉണ്ടാക്കുന്നുണ്ടെങ്കിൽ നാല് ഉണ്ടാക്കാൻ 16 തീപ്പെട്ടി വേണം |
| ചിത്രം 2 |  | ഇങ്ങനെയാണ് സദനം ഉണ്ടാക്കുന്നത് എങ്കിൽ 12 കമ്പുകൾ ആണ് വേണ്ടത് |

🟢 ചതുരം നിർമ്മാണത്തിനുശേഷം ത്രികോണ നിർമ്മിക്കുന്നു

**TB** പേജ് നമ്പർ **11**ലെ രൂപങ്ങൾ ഉണ്ടാക്കാമെന്ന് പ്രവർത്തനം ചെയ്യുന്ന

🔖 ഒരേ നീളമുള്ള 24 ഈർക്കിൽ കമ്പുകൾ ഉപയോഗിച്ച് ചതുരവും ത്രികോണവും ഉണ്ടാക്കു പട്ടിക പൂർത്തിയക്കുന്നു.

🔖ചതുരം ത്രികോണം എന്നിവ വരച്ചു ചേർക്കുന്നു.

🟢ഒരു ചതുരം ഉണ്ടാക്കാൻ എത്ര  കമ്പുകൾ ഉപയോഗിച്ചു?...........

🟢ഒരു ത്രികോണം നിർമ്മിക്കാൻ എത്ര കമ്പുകൾ ഉപയോഗിച്ചു?.........

🏷️തുടർ പ്രവർത്തനം

കമ്പുകൾ ഉപയോഗിച്ച് രൂപങ്ങൾ വരയ്ക്കുക

എല്ലാം ചേർത്ത് കറുത്ത ചാർട്ടിൽ ഒട്ടിച്ച് പ്രദർശിപ്പിക്കുന്നു

| |
|---|
| പ്രതികരണം |

| MATHEMATICS | Standard III |
|---|---|

രൂപത്തിൽ കേറി നിൽക്കാം

കൂട്ടുകാരെ നമുക്കൊരു കളി കളിച്ചാലോ.

കുട്ടികൾക്ക് ചേർന്ന് കളിക്കാവുന്ന ഒരു കളിയാണ്. ക്ലാസിൽ പലയിടങ്ങളിലായി ത്രികോണം ചതുരം വട്ടം എന്നീ രൂപങ്ങൾഒന്നോ രണ്ടോ കുട്ടികൾക്ക് കയറി നിൽക്കാവുന്ന വലിപ്പത്തിൽ വരച്ചിടുന്നു.ടീച്ചർ പാട്ടുപാടുന്നു.രൂപങ്ങളുടെ പുറത്തുകൂടി കുട്ടികൾ വട്ടത്തിൽ ഓടുന്നു.

ഓടുന്നുണ്ടോടുന്നുണ്ടേ ഞങ്ങളൊത്തോടുന്നുണ്ടെ

രൂപം പറഞ്ഞിടുകിൽ രൂപത്തിൽ കേറി നിൽക്കാം

പാടുന്നതിനിടയിൽ വട്ടം ചതുരം ത്രികോണം എന്നിവയിൽ ഏതെങ്കിലും ഒന്ന് ടീച്ചർ വിളിച്ചുപറയുന്നു. കുട്ടികൾ ആ രൂപമുള്ള കളത്തിൽ കയറി നിൽക്കണം ഇടം കിട്ടാത്തവർ മാറിനിൽക്കണം. ഇങ്ങനെ കളി തുടരുന്നു.

📌 ടൈലിലെ ചിത്രങ്ങൾ

TB പേജ് നമ്പർ 12ലെ പ്രവർത്തനം

വ്യക്തിഗതമായി ചെയ്യാൻ അവസരം.

ടെക്സ്റ്റ് ബുക്കിലെ ചിത്രം നിരീക്ഷിക്കാൻ അവസരം

അനു സുബി വിധു എന്നീ കുട്ടികൾ വരച്ച ചിത്രങ്ങൾ പരിശോധിക്കുന്നു.

( ചതുരം ത്രികോണം എന്നീ രൂപങ്ങൾ ഉൾക്കൊള്ളുന്ന വ്യത്യസ്ത പാറ്റേണങ്ങൾ കാണാനും വരച്ചു ചേർക്കാനും ഉള്ള പ്രവർത്തനം)

🟢പുസ്തകത്തിൽ തന്നിട്ടുള്ള കുത്തുകൾ യോജിപ്പിച്ച് വ്യത്യസ്ത പാറ്റേണുകളുടെ സാധ്യതകൾ കണ്ടെത്തി കുട്ടികൾ സ്വതന്ത്രമായി തന്നെ വരയ്ക്കുന്നു.

🏷️കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നതിനായി എ ഫോർ ഷീറ്റിൽ കുത്തുകൾ ഇട്ട പ്രിന്റ് എടുത്ത് നൽകുന്നു.

ജിയോ ബോർഡ്

ജിയോ ബോർഡ് ക്ലാസിൽ പരിചയപ്പെടുത്തുന്നു. റബർബാൻഡ് കമ്പിളി നൂൽ എന്നിവ ഉപയോഗിച്ച് ജ്യാമിതി രൂപങ്ങൾ കുട്ടികൾക്ക് നിർമ്മിക്കാൻ അവസരം നൽകുന്നു.

❓ ജിയോ ബോർഡിൽ വട്ടം ഉണ്ടാക്കാൻ കഴിയുമോ?

സ്വതന്ത്ര പ്രതികരണം.

പരിചയപ്പെടുത്തി നൽകുന്നു.

📌 പാറ്റേണുകൾ

TB പേജ് നമ്പർ 13 നൽകിയിരിക്കുന്ന ഏതാനും പ്രവർത്തനങ്ങൾ കുട്ടികളോട് ചെയ്യാൻ ആവശ്യപ്പെടുന്നു.

വ്യക്തിഗതമായി ചെയ്യാൻ അവസരം.

പരസ്പരം വിലയിരുത്തുന്നു.

- <u>പുതിയ പാറ്റേൺ കണ്ടെത്താൻ എനിക്ക് കഴിഞ്ഞു</u>
- <u>പാറ്റേണുകളിലെ മുൻപിൻ ബന്ധം തിരിച്ചറിയാനും എനിക്ക് സാധിച്ചു</u>
- <u>അടുത്തതേതെന്നു കണ്ടെത്താൻ കഴിഞ്ഞു.</u>

🟢വിലയിരുത്തൽ

- എത്ര കുട്ടികൾ ശരിയായി പാറ്റേൺ നിർമ്മിച്ചു❓
- പാറ്റേണുകളിലെ മുൻപിൽ ബന്ധം തിരിച്ചറിഞ്ഞവർ എത്രപേർ❓
- മെച്ചപ്പെടേണ്ട വർക്ക് എന്ത് അധിക പ്രവർത്തനം നൽകണം❓
- ഇനിയും നൽകേണ്ട പിന്തുണ എന്താണ്❓

കൂടുതൽ മെച്ചപ്പെടുത്തലുകൾ വേണ്ട കുട്ടകാർക്ക് അധിക പ്രവർത്തനങ്ങൾ നൽകുന്നു.

📌 ചുറ്റുപാടും കാണുന്ന രൂപങ്ങൾ

കൂട്ടുകാരെ നമുക്ക് ചുറ്റും ഒരുപാട് രൂപങ്ങൾ കാണാറില്ലേ.
നമ്മുടെ ക്ലാസ്സിൽ ഏതൊക്കെ രൂപങ്ങളുണ്ട്.
പറഞ്ഞുനോക്കാൻ അവസരം നൽകുന്നു
🔖TB പേജ് നമ്പർ പതിനാറിലെ പ്രവർത്തനം ചെയ്യാൻ അവസരം നൽകുന്നു.
🟢കെട്ടിടത്തിന്റെ ചിത്രത്തിൽ കാണുന്ന രൂപങ്ങൾ കൂട്ടുകാർ എണ്ണി എഴുതുക.
🟢കൂട്ടുകാർക്ക് പരിചയമുള്ള രൂപങ്ങൾ ഏതെല്ലാം എഴുതുക.
ചർച്ച വിലയിരുത്തൽ
❓സ്കൂളിലും വീട്ടിലും അടുക്കളയിലും പൂന്തോട്ടത്തിലും അങ്ങനെ നമ്മുടെ നിത്യജീവിതത്തിൽ എവിടെയൊക്കെ ഇത്തരം ജ്യാമിതീയ രൂപങ്ങൾ (ആകൃതി ) കാണാൻ കഴിയുന്നുണ്ട്.
നിങ്ങളുടെ സ്കൂളിനും പരിസരത്തുമുള്ള ചതുരം ത്രികോണം വട്ടം എന്നീ ആകൃതിയിലുള്ള വസ്തുക്കളെ പട്ടികപ്പെടുത്തുക( TB പേജ് 14)

| ചതുരം | ത്രികോണം | വട്ടം |
|---|---|---|
| | | |

📌 സ്കൂൾ ജൈവ വൈവിധ്യ പാർക്ക് സന്ദർശിക്കാൻ അവസരം...
ചെടികൾ നിരീക്ഷിക്കുന്നു. ഇലകളിലെയും പൂക്കളിലെയും ഇതളുകളുടെ ക്രമീകരണം നിരീക്ഷിച്ച കുട്ടികൾ കണ്ടെത്തിയ കണ്ടെത്തൽ ക്ലാസിൽ ചർച്ച നടത്തുന്നു.

📌 മരക്കട്ടകൾ

TB പേജ് നമ്പർ 14ലെ ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു.
എന്താണ് കുട്ടികൾ ചെയ്യുന്നത്❓
ഇതൊരു കളിയാണ് നമുക്കും കളിച്ചാലോ❓
<u>കുട്ടികളെ നാല് ഗ്രൂപ്പായി തിരിക്കുന്നു. ഓരോ ഗ്രൂപ്പിനും അഞ്ചോ ആറോ മര കട്ടകളും ഒരു ബോളും നൽകുന്നു. ഓരോ ഗ്രൂപ്പും പരമാവധി ഉയരത്തിൽ കട്ടകൾ കുത്തനെയും വിലങ്ങനെയും വെച്ച് നോക്കി അടുക്കുന്നു. ഏത് ഗ്രൂപ്പാണ് കൂടുതൽ ഉയരത്തിൽ അടുക്കിയത് എന്ന് കണ്ടെത്തുന്നു. അഭിനന്ദിക്കുന്നു.</u>

🟢ചതുര കട്ടകളി ഗോളത്തിന്റെ ആകൃതിയിലുള്ള വസ്തുക്കളുടെ പേര് എഴുതു.

- *TB* പേജ് നമ്പർ *15*ലെ പട്ടിക ബുക്കിൽ പൂർത്തിയാക്കുന്നു.

- ക്ലാസിലാ അവതരിപ്പിക്കുന്നു വിലയിരുത്തുന്നു.

📌 വെജിറ്റബിൾ പ്രിന്റിംഗ്

ടെസ്റ്റ് ബുക്കിലെ പ്രവർത്തനം വായിക്കുന്നു
ചിത്രം നിരീക്ഷിക്കാൻ ആവശ്യപ്പെടുന്നു.

❓ ചിത്രത്തിൽ ഏതൊക്കെ ആകൃതികൾ കാണാം.
പറയാൻ അവസരം നൽകുന്നു.

ക്ലാസിൽ വെജിറ്റബിൾ പ്രിന്റിഗ് ചെയ്യുന്നു.

- വെജിറ്റബിൾപ്രിന്റിംഗ് കാണാൻ അവസരം നൽകുന്നു.
- പ്രിന്റിനാവശ്യമായ ഡൈ തയ്യാറാക്കുമ്പോൾ ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകുന്നു.
- രൂപപ്പെടേണ്ട പാറ്റേണുകളെ കുറിച്ച് നിർദ്ദേശം നൽകുന്നു.

🟢തുടർ പ്രവർത്തനം.

രക്ഷിതാക്കളുടെ സഹായത്തോടെ തുണിയിലോ പേപ്പറിലോ വെജിറ്റബിൾ പ്രിന്റിംഗ് തയ്യാറാക്കുക.

| പ്രതികരണം |
|---|
| |

🏷️ വിലയിരുത്തൽ പ്രവർത്തനങ്ങൾ


❓ ടെക്സ്റ്റ് ബുക്കിൽ നൽകിയിരിക്കുന്ന വിലയിരുത്തൽ പ്രവർത്തനങ്ങൾ കുട്ടികൾക്ക് സ്വയം ചെയ്യാൻ അവസരം


<u>ടീച്ചറിന്റെ വിലയിരുത്ത്</u>


- എത്ര കുട്ടികൾക്ക് വട്ടം ചതുരം ത്രികോണം എന്നിവയുടെ രൂപവും പേരും തിരിച്ചറിയാൻ കഴിയുന്നുണ്ട്
- ഒരു കൂട്ടം ജാമ്യ രൂപങ്ങളിൽ നിന്നും വട്ടം ചതുരം ത്രികോണം എന്നിവ എത്ര പേർക്ക് ശരിയായി തിരിച്ചറിയാൻ കഴിയുന്നുണ്ട്
- പാറ്റേണുകളിലെ മുൻപിൽ ബന്ധം തിരിച്ചറിയുന്നവർ എത്രപേർ
- മെച്ചപ്പെടേണ്ടവർക്ക് എന്ത് അധിക പ്രവർത്തനം നൽകി
- ഇനിയും നൽകേണ്ട പിന്തുണ എന്താണ്.

അധിക പ്രവർത്തനങ്ങൾ


1 ഒറ്റയാനെ കണ്ടെത്തുക?





2 ഈ ചിത്രങ്ങൾ തമ്മിൽ 13 വ്യത്യാസങ്ങളുണ്ട് അവ കണ്ടുപിടിയ്ക്കൂ



2 അടുത്തതേത് ?

